LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിന് ഈയിനത്തിൽ 1259.25 കോടി രൂപ കിട്ടുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ബി) 2003-04-ൽ 871.12 കോടി രൂപയും 2004-05 ഫെബ്രുവരി വരെ 654.39 കോടി രൂപയും ആദായ നികുതിയിനത്തിൽ ലഭിച്ചിട്ടുണ്ട്.

(സി) 2005-06-ൽ ആദായ നികുതി വിഹിതമായി 1259.25 കോടി രൂപ ലഭിക്കുമെന്നു പ്രതീക്ഷിക്കുന്നു.

സംസ്ഥാനത്തെ നികുതി കുടിശ്ശിക പിരിച്ചെടുക്കൽ

16 [2480] ശ്രീ. എ. എ. അസീസ്:

ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സർക്കാരിന് ലഭിക്കാനുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് നിലവിൽ തടസ്സങ്ങളുണ്ടോ;

(ബി) കുടിശ്ശിക എന്നത്തേക്ക് പിരിച്ചെടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോടതി സ്റ്റേ ഒഴികെ മറ്റു തടസ്സങ്ങളൊന്നുമില്ല.

(ബി) കോടതികൾ പുറപ്പെടുവിച്ചിരിക്കുന്ന സ്റ്റേ ഒഴിവാക്കുകയും കോടതികളിൽ നിലവിലുള്ള കേസുകൾ തീർപ്പാക്കുകയും ചെയ്യുന്ന മുറയ്ക്ക് നികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സാധിക്കുന്നതാണ്.

ബസ് ബോഡി നിർമ്മാണ ചെറുകിട വ്യവസായങ്ങൾക്ക് ഏർപ്പെടുത്തിയ വില്പന നികുതി പിൻവലിക്കാൻ നടപടി

17 [2481] ശ്രീ. ഇസ്ഹാക് കുരിക്കൾ:

,, പി. കെ. അബ്ദുറബ്ബ്:

,, സി. മോയിൻകുട്ടി:

,, ടി. പി. എം. സാഹിർ:

,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിയനുസരിച്ച് ബസ് ബോഡി നിർമ്മാണവും റിപ്പയറിംഗും നടത്തുന്ന ചെറുകിട വ്യവസായികൾക്ക് പുതിയ നികുതി ചുമത്തിയിട്ടുണ്ടോ; എങ്കിൽ എത്ര പേർക്ക്;